ഇനത്തിൽ ബാക്കിയുള്ള തുക പിടിച്ചുവയ്ക്കുകയുംചെയ്തിട്ടുണ്ട്. തങ്ങളുടെ ഉത്തരവാദിത്തം കൃത്യമായി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ ഏഴ് ഉദ്യോഗസ്ഥന്മാരെഉദ്യോഗത്തിൽ നിന്നും മാറ്റിനിറുത്തി ശിക്ഷാനടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) അതിന്റെ ആവശ്യമുണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല.

മാവേലിസ്റ്റോർ വഴി വിൽക്കുന്ന അരിയുടെ വിലവർദ്ധനവ്

110 (121) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാമാണ്ട് ഏപ്രിൽ മാസത്തിൽ മാവേലിസ്റ്റോറുകൾ വഴി വിൽക്കുന്ന അരിയുടെ വില വർദ്ധിപ്പിക്കുകയുണ്ടായോ ;

(ബി) എങ്കിൽ എത്രവീതം വർദ്ധിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) 2000 ഏപ്രിൽ മാസത്തിൽ ഏത് തീയതി മുതലാണ് വില വർദ്ധന നിലവിൽ വന്നത് ;

(ഡി) വില വർദ്ധന നിലവിൽ വന്ന തീയതിയിൽ മാവേലിസ്റ്റോറിന്റെ ഗോഡൗണുകളിലും വിവിധ താലൂക്ക് സ്പ്ലൈ ആഫീസുകൾ, ജില്ലാ സപ്ലൈ ആഫീസുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയുടെ ഗോഡൗണുകളിലും എത്ര അരി വീതം സ്റ്റോക്കുണ്ടായിരുന്നു ;

(ഇ) ഇവ എന്ന് ശേഖരിച്ചതാണ്.

(എഫ്) ശേഖരിക്കുന്ന സമയത്ത് ഈ അരിയുടെ വില എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) കിലോഗ്രാമിന് 9 രൂപ 60 പൈസയായിരുന്ന അരിയുടെ വില 11 രൂപ 40 പൈസയായി വർദ്ധിപ്പിച്ചു.

(സി) 5-4-2000 മുതലാണ് വില വർദ്ധന നിലവിൽ വന്നത്.

(ഡി) വിലവർദ്ധന നിലവിൽ വന്ന തീയതിയിൽ (അതായത് 5-4-2000) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ ഉണ്ടായിരുന്ന അരിയുടെ സ്റ്റോക്ക് എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകളിലെ സ്റ്റോക്ക് വിവരങ്ങൾ മാസത്തിൽ നാലുപ്രാവശ്യവും (7,14,21, 28,29,30,31 തീയതികളിലും) മാവേലിസ്റ്റോറുകളിലേയ്ക്ക് മാസാവസാനത്തിലുമാണ് ശേഖരിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 5-4-2000-ന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പക്കൽ സ്റ്റോക്കുണ്ടായിരുന്ന അരിയത്രയും 1999 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ ഫുഡ് കോർപ്പറേഷൻ ഡിപ്പോകളിൽ നിന്നും ക്വിന്റലിന് 914 രൂപ 05 പൈസ നിരക്കിൽ വാങ്ങിയതാണ്.

പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകൾ

111 (122) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര മാവേലിസ്റ്റോറുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 300 മാവേലിസ്റ്റോറുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്തെ മാവേലിസ്റ്റോറുകൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ ആരംഭിക്കുക എന്ന തീരുമാനത്തിന്റെ വെളിച്ചത്തിൽ നടപ്പു സാമ്പത്തിക വർഷത്തിൽ 300 മാവേലിസ്റ്റോറുകൾ പുതുതായി ആരംഭിക്കുന്നതാണ്. ഇത് സംബന്ധിച്ച ഉത്തരവ് 8-6-2000-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

മൂടാടി പഞ്ചായത്തിൽ മാവേലിസ്റ്റോർ സ്ഥാപിക്കാൻ നടപടി

112 (123) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കൊയിലാണ്ടി താലൂക്കിലെ മൂടാടി പഞ്ചായത്തിൽ മാവേലി സ്റ്റോർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിസ്റ്റോറുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ സ്ഥാപിക്കുക എന്ന തീരുമാനം അനുസരിച്ച് ഈ വർഷം 300 പഞ്ചായത്തുകളിൽ കൂടി മാവേലിസ്റ്റോർ ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പാൽ ഉല്പാദനം

113 (124) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ദിവസം എത്ര ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly